(എ) പാരമ്പര്യ ഊർജ്ജ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ വൈദ്യുതി ഉൽപ്പാദനം എത്ര മെഗാവാട്ടാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാരമ്പര്യ ഊർജ്ജ പദ്ധതി പ്രകാരം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളും താപവൈദ്യുത പദ്ധതികളുമായി 2631.19 മെഗാവാട്ട് സ്ഥാപിത ശേഷിയുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ സംരംഭകരുടേതുൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികൾ, താപവൈദ്യുത പദ്ധതികൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉൾപ്പെടെ ആകെ സ്ഥാപിത ശേഷി 2838.28 മെഗാവാട്ടാണ്.

വൈദ്യുതി സ്വയം പര്യാപ്തതയ്ക്കായുള്ള നടപടികൾ

47 (392) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണ് ;

(സി) സൗരോർജ്ജ വൈദ്യുതി ഉപയോഗം വ്യാപകമാക്കുന്നതിനായി നൽകുന്ന സബ്സിഡിയും ആനുകൂല്യങ്ങളും കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സൗരോർജ്ജ വൈദ്യുതി ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1	ചിമ്മിനി SHEP	2.5 MW
2	പെരുന്തേനരുവി SHEP	6 MW
3	വെള്ളത്തൂവൽ SHEP	3.6 MW
4	ആഢ്യൻപാറSHEP	3.5 MW
5	പൊരിങ്ങൽകുത്ത് SHEP	24 MW
6	ഭൂതത്താൻകെട്ട് SHEP	24 MW
	ആകെ	63.6 MW

ചെറുകിട ജലവൈദ്യുത പദ്ധതികൾവഴി ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട പദ്ധതികൾക്കായി ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതിനുപുറമെ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ താപവൈദ്യുത നിലയങ്ങൾ സ്ഥാപിക്കാൻ ചുവടെ ചേർത്തിട്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്:

1. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ പ്രവർത്തനരഹിതമായ രണ്ട് ഡീസൽ 39.86 മെഗാവാട്ടിന്റെ സ്ഥാപിതശേഷിവരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു. കോൺട്രാക്ടറുമായി കരാറിലേർപ്പെടുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

2. ബ്രഹ്മപുരം ഡീസൽ നിലയത്തോട് അനുബന്ധമായി കാലിയായി കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 മെഗാവാട്ടിന്റെ സ്ഥാപിതശേഷിവരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭഗവതി അനാലാബ്സ് (പ്രൈ)' എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

3. പെറ്റ്കോക്കിൽനിന്ന് 500 മെഗാവാട്ടിന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം കൊച്ചി റിഫൈനറിയോട് ചേർന്നുകിടക്കുന്ന 150 ഏക്കർ സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly